പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3049 | 13.07.2015-ൽ മറുപടിക്ക്.

ഹോംഗാർഡുകളുടെ വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഹോംഗാർഡുകൾക്ക് നിലവിൽ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ; | : (എ) ഹോം ഗാർഡുകൾക്ക് ഡ്യൂട്ടി നിർവ്വഹിക്കുന്ന ദിവസങ്ങളിൽ 400/- രൂപ വീതം നൽകി വരുന്നു. |
| (ബി) പ്രസ്തുത വേതനം ഇതര താൽക്കാലിക ജീവനക്കാരുടെ പ്രതിഫലം, ജീവിത സാഹചര്യങ്ങൾ, വിലക്കയറ്റം എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗത്തിന്റെ വേതന വർദ്ധനവിന് നടപടികൾ സ്വീകരിക്കുമോ; | : (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) ഹോംഗാർഡുകൾക്ക് എത്ര രൂപയാണ് യൂണിഫോം അലവൻസായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ; ഒരേ ജോലി ചെയ്യുന്നവർക്ക് വ്യത്യസ്ത യൂണിഫോം അലവൻസ് നൽകുന്നത് പരിഹരിക്കുന്നതിനും ഹോംഗാർഡുകളുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | : (സി) ഹോം ഗാർഡുകൾക്ക് പ്രതിവർഷം 1000/- രൂപയാണ് യൂണിഫോം അലവൻസായി നൽകിവരുന്നത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് യൂണിഫോം അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

V.Beena
സെക്ഷൻ ഓഫീസർ